# കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം- കേരള എയിഡഡ് സ്കൂൾ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് - ഒഴിവിന്റെ അഭാവം മൂലം സർവ്വീസിൽ നിന്നും പുറത്തായ ജീവനക്കാരുടെ കെ.എ.എസ്സ്.ഇ.പി.എഫ് അക്കൗണ്ട് തീർപ്പാക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (സാധാ)നം. 1976/10/പൊ.വി.വ** **തിരുവനന്തപുരം,തീയതി: 11/05/2010**

---

സൂചന: പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28/02/08 ലെ പി.എഫ്. (ജനറൽ) 1/78553/2007/ ഡി.പി.ഐ നമ്പർ കത്ത്.

## ഉത്തരവ്

കേരള എയിഡഡ് സ്കൂൾ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിൽ വരിക്കാരാകുകയും എന്നാൽ ഒഴിവിന്റെ അഭാവം മൂലം സർവ്വീസിൽ നിന്നും പുറത്തു പോകുകയും ചെയ്യേണ്ടിവരുന്ന വരിക്കാർക്ക് മൂന്ന് വർഷത്തിനുള്ളിൽ വീണ്ടും തിരികെ സർവ്വീസിൽ പ്രവേശനം ലഭിക്കാതെ വന്നാൽ അവരുടെ കെ.എ.എസ്സ്.ഇ.പി.എഫ് അക്കൗണ്ടുകൾ തീർപ്പാക്കി നൽകാവുന്നതാണെന്നും അവർക്ക് വീണ്ടും സർവ്വീസിലേക്ക് പ്രവേശനം ലഭ്യമാകുകയാണെങ്കിൽ അപ്പോൾ പുതിയ അക്കൗണ്ടുകൾ തുടങ്ങുവാൻ അവസരം നൽകുകയും ചെയ്യാവുന്നതാണെന്നും സൂചന കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, കേരള എയിഡഡ് സ്കൂൾ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിൽ വരിക്കാരാകുകയും എന്നാൽ ഒഴിവിന്റെ അഭാവം മൂലം സർവ്വീസിൽ നിന്നും പുറത്തു പോകുകയും ചെയ്യേണ്ടിവരുന്ന

വരിക്കാർക്ക് മൂന്ന് വർഷത്തിനുള്ളിൽ വീണ്ടും തിരികെ സർവ്വീസിൽ പ്രവേശനം ലഭിക്കാതെ വന്നാൽ അവരുടെ കെ.എ.എസ്സ്.ഇ.പി.എഫ് അക്കൗണ്ടുകൾ തീർപ്പാക്കി നൽകുവാനും അവർക്ക് വീണ്ടും സർവ്വീസിലേക്ക് പ്രവേശനം ലഭ്യമാകുകയാണെങ്കിൽ അപ്പോൾ പുതിയ അക്കൗണ്ടുകൾ തുടങ്ങുവാൻ അവസരം നൽകാനും അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

പി.വനജ
അഡീഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും → പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഡയറക്ടർ, ഐ.ടി.@ സ്കൂൾ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: വിദ്യാഭ്യാസമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്